കുട്ടികൾക്ക് ആരോഗ്യകരമായ സാമൂഹ്യജീവിത പഠന പരിശീലനം

12 (*102) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യകരമായ സാമൂഹ്യജീവിത പാഠങ്ങളും കൂടി കുട്ടികൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ വകുപ്പിനു കീഴിൽ നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) സ്ത്രീ സംരക്ഷണ നിയമങ്ങൾ കൂടുതൽ കർക്കശമാക്കിയിട്ടും പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ, കുട്ടികളിൽ സാമൂഹിക അച്ചടക്കവും എതിർലിംഗക്കാരോടുള്ള ആദരവും വളർത്തുംവിധമുള്ള പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; അതിനായുള്ള പഠനങ്ങൾക്ക് ആരംഭം കുറിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ആരോഗ്യകരമായ സാമൂഹ്യജീവിതപാഠങ്ങളും മൂല്യങ്ങളും കുട്ടികളിൽ സന്നിവേശിപ്പിക്കുന്നതിനായി നിരവധി പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സാമൂഹിക അച്ചടക്കവും എതിർലിംഗത്തിൽപ്പെട്ടവരോട് ആദരവും വളർത്തുന്ന വിധത്തിലുള്ള പാഠഭാഗങ്ങളും പരിശീലനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിച്ചിട്ടുണ്ട്. 9,10 ക്ലാസുകളിലെ സിലബസും പാഠപുസ്തകങ്ങളും പരിഷ്കരിക്കുമ്പോൾ ഇത് നടപ്പാക്കുന്നതാണ് എന്ന് എസ്.സി.ഇ.ആർ.ടി. അറിയിച്ചിട്ടുണ്ട്.

റോഡുകളുടെ നവീകരണ പ്രവൃത്തികളും കരാറുകാരുടെ കടിഞ്ഞികയും

13 (*103) ശ്രീ. ബി. ഡി. ദേവസ്സി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോഡുകളുടെ നവീകരണ പ്രവൃത്തികൾ സ്തംഭിച്ചതുമൂലം റോഡപകടങ്ങളും അപകടമരണങ്ങളും നിത്യസംഭവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കരാറുകളുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ ; കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ ;

(ഡി) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ ; ഇത് കരാറുകാർ അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) കരാറുകാരുടെ കുടിശ്ശിക തീർത്ത് നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരാർ കുടിശ്ശിക കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മുൻപ് മടി കാണിച്ചിരുന്നു. എന്നാൽ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം ഈ സ്ഥിതിയില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളുടെ നവീകരണ പ്രവൃത്തികൾ സ്തംഭിച്ചിട്ടില്ല.

(സി) പരിശോധിച്ചിട്ടുണ്ട്. കരാറുകളുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടില്ല. കരാറുകാരുടെ ബിൽ കുടിശ്ശിക നിരത്ത് വിഭാഗത്തിൽ 1711.19 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 477.97 കോടി രൂപയും ദേശീയ പാതാ വിഭാഗത്തിൽ 45.72 കോടി രൂപയുമാണ്.

(ഡി) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴി നൽകുന്നതിന് ജി.ഒ.(പി)നമ്പർ 154/15/ഫിൻ തീയതി 27-4-2015 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കരാറുകാർ ഈ പദ്ധതി പ്രയോജനപ്പെടുത്തിവരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്തംബർ 2014 വരെയുള്ള ബില്ലുകൾക്കും കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾക്കും 10-6-2015-ലെ സർക്കാർ ഉത്തരവ് നമ്പർ5597/2015/ഫിൻ. പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബിൽ ഡിസ്കൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടിവരുന്ന പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്.

(ഇ) കരാറുകാരുടെ കുടിശ്ശിക തീർക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly